I ഇ.ബി. XII - കേരള നിയമസഭ/XV-14

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 15, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: 60000 ടൺ സംഭരണശേഷിയുള്ള മുളങ്കുന്നത്തുകാവിലെ എഫ്.സി.ഐ.ഗോഡൗണിൽ ഇപ്പോൾ 75000 ടൺ ഭക്ഷ്യവസ്തുക്കളാണ് സൂക്ഷിച്ചിട്ടുള്ളത്. സ്ഥലദൗർലഭ്യം കാരണം വരാന്തയിൽ അട്ടിയിട്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ടാർപാളിൻ കൊണ്ട് മൂടിയിട്ടുണ്ടെങ്കിലും അവ ഉപയോഗശൂന്യമായി പോകുന്നു. എഫ്.സി.ഐ.യുടെ ഈ ഗോഡൗണിൽ നിന്നാണ് ജില്ലയിലെ വിവിധ റേഷൻകടകളിലേയ്ക്ക് വിതരണം ചെയ്യാനുള്ള അരിയും ഗോതമ്പും മൊത്തവ്യാപാരികൾ കൊണ്ടുപോകുന്നത്. മുമ്പ് 800 ലോഡുവരെ കൊണ്ടുപോയിരുന്ന

സ്ഥാനത്ത് ഇപ്പോൾ 250 ലോഡ് മാത്രമേ കൊണ്ടുപോകുന്നുള്ളൂ. സംസ്ഥാനത്തൊട്ടാകെ 2010 ജൂലൈയിൽ റേഷൻകടകൾവഴി വിതരണം ചെയ്യേണ്ടത് 93470 ടൺ അരിയാണ്. മദ്ധ്യകേരളത്തിലെ 7 ജില്ലകളിൽ ഫുഡ് കോർപ്പറേഷൻവഴിയാണ് അരി വിതരണം ചെയ്യുന്നതെന്ന് പറയുന്നെങ്കിലും ഈ ജില്ലകളിൽ ഭൂരിഭാഗം അരി വിതരണം നടത്തുന്നത് സി.എം.ആർ. (കസ്റ്റമർ മിൽ റൈസ്) വഴിയാണ്. സി.എം.ആർ. വഴിയുള്ള അരിവിതരണം വൻവെട്ടിപ്പിനും അഴിമതിക്കും വഴിതെളിയിക്കുന്നു. സഹകരണസംഘങ്ങൾ കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് വൻകിട സ്വകാര്യമില്ലുകൾക്ക് നൽകുകയും ഈ മില്ലുകളിൽനിന്ന് അരിയാക്കി മൊത്തവ്യാപാരികൾ റേഷൻകടകളിൽ വിതരണം ചെയ്യുകയുമാണ്. തൃശ്ശൂർ ജില്ലയിൽ വിതരണം ചെയ്യേണ്ട 2300 ടൺ അരിയിൽ 1460 ടൺ അരി മാത്രമാണ് എഫ്.സി.ഐ.യിൽ നിന്ന് നൽകുന്നത്. 6900 ടൺ അരിയും എടുക്കേണ്ടത് സ്വകാര്യമില്ലുകളിൽ നിന്നാണ്. സ്വകാര്യമില്ലുകളിൽ മൊത്തവ്യാപാരികൾ ഇത്രയും അരി എടുക്കുന്നത് രേഖകളിൽമാത്രം കാണിക്കുന്നു. റേഷൻകടകളിൽ ഗുണമേന്മ കുറഞ്ഞ അരി വിതരണം നടത്തുകയും കർഷകരിൽനിന്ന് സംഭരിക്കുന്ന നല്ല അരി സൂപ്പർമാർക്കറ്റുകളിലും വിദേശങ്ങളിലും കയറ്റി അയയ്ക്കുകയും ചെയ്യുന്നു. ഇതുവഴി മൊത്തവ്യാപാരികൾക്ക് വൻതോതിൽ കമ്മീഷനും മില്ലുടമയ്ക്ക് സബ്സിഡിയും ലഭിക്കുകയും ചെയ്യുന്നു. കോടികളുടെ അഴിമതിയാണ് ഇതിലൂടെ നടക്കുന്നത്.ഇതിനെക്കുറിച്ച് അന്വേഷണം നടത്തുകയും പരിഹാരം കാണുകയും ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കാലാകാലങ്ങളിൽ കേന്ദ്രം അനുവദിക്കുന്ന

ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് പൊതുവിതരണത്തിനും മറ്റ് സ്ക്കീമുകൾക്കും വിതരണം ചെയ്യുന്നത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ്. FCI ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ ശാസ്ത്രീയമായ രീതിയിലാണ് സൂക്ഷിച്ചുവരുന്നത്. ചില അവസരങ്ങളിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം കൂടുതൽ ശേഖരമായി സംഭരണശേഷിയിലധികം ഭക്ഷ്യധാന്യങ്ങൾ FCI ഗോഡൗണുകളിൽ സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ കേടുകൂടാതെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള സംവിധാനം FCI ഗോഡൗണുകളിൽ നിലവിലുണ്ട്. കൂടാതെ ഗുണമേന്മ യുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് പൊതുവിതരണത്തിനായി ഫുഡ് കോർപ്പ റേഷൻ ഓഫ് ഇന്ത്യയിൽനിന്ന് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ വിട്ടെടുക്കുന്ന സാമ്പിളുകൾ പരിശോധിക്കാറുണ്ട്. കേടുവന്നതോ ഭക്ഷ്യയോഗ്യമല്ലാത്തതോ ആയ ഭക്ഷ്യധാന്യങ്ങൾ ഒരുകാരണ വശാലും വിട്ടെടുക്കരുതെന്ന് എല്ലാ ജില്ലാ താലൂക്ക് സപ്ലൈ ഉദ്യോഗ സ്ഥൻമാർക്കും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ അടുത്ത കാലത്ത് മാവേലിക്കര FCI ഗോഡൗണിൽ ഭക്ഷ്യയോഗ്യമല്ലാത്ത ചെളിയും കട്ടയും കല്ലുമടങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും തക്കതായ ശിക്ഷണനടപടികൾ എടുക്കണമെന്നും ആവശ്യ പ്പെട്ടിട്ടുണ്ട്. ഈ അടുത്ത കാലത്തുതന്നെ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം ഒരു FCI ഉദ്യോഗ

സ്ഥനെ സസ്പെൻഡ് ചെയ്യാൻ കേന്ദ്രമന്ത്രി ഉത്തരവ് നൽകിയിരിക്കുകയാണ്. ഓരോമാസവും പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്ന ധാന്യങ്ങൾ FCI മാനേജരുമായി സംയുക്തമായി പരിശോധിച്ച് സ്റ്റോക്ക് അടയാളപ്പെടുത്തി നൽകാൻ നിർദ്ദേശമുണ്ട്. അതിനാൽ ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമാകുന്ന അവസ്ഥയില്ല. എന്നാൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഗോഡൗണുകൾ സ്ഥാപിക്കേണ്ടത് FCI-യുടെ ചുമതലയാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന കേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതിപ്രകാരം കർഷകരിൽനിന്ന് നേരിട്ട് വാങ്ങുന്ന നെല്ല് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 70-ഓളം മോഡേൺ റൈസ് മില്ലുകളിൽ സംസ്ക്കരിച്ച് അരിയാക്കി സി.എം.ആർ. ആക്കി മാറ്റുകയും കേന്ദ്രസർക്കാർ FCI-യിൽ നിഷ്ക്കർഷിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് ഗോഡൗണുകളിൽനിന്ന് റിലീസ് ഓർഡർ പ്രകാരം മധ്യകേരളത്തിലെ ഏഴ് ജില്ലകളിലെ റേഷൻ മൊത്തവ്യാപാരികൾക്കും അവിടെ നിന്നും റേഷൻകടകളിലേയ്ക്കും അരി എത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. FCI-യിൽനിന്ന് വിട്ടെടുക്കുന്നത് മില്ലുകളിൽനിന്ന് സി.എം. ആർ. വിട്ടെടുത്ത് വിതരണം ചെയ്യുന്നത് മൊത്തവ്യാപരികളും റേഷൻകടക്കാരുമാണ്. അവർതന്നെയാണ് റേഷൻ സംവിധാനം നടപ്പിലാക്കുന്നത്. കുത്തരി മുഴുവൻ സൂക്ഷിക്കുന്നതിന് ഇപ്പോൾ സപ്ലൈകോയ്ക്ക് ഗോഡൗണുകളിൽ സൗകര്യങ്ങളില്ല. കൂടാതെ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിൽ കൃഷിക്കാരുടെ നെല്ല് സംഭരിക്കുന്നതുമുതൽ വിതരണം നടത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും കംപ്യൂ

ട്ടർവൽക്കൃതവും സുതാര്യവുമായ രീതിയിൽ നടപ്പിലാക്കുന്നത് കേരള സംസ്ഥാനം മാത്രമാണെന്നത് അഭിമാനാർഹമായ കാര്യമാണ്. ഈ സംവിധാനപ്രകാരം കർഷകർക്ക് നെല്ലിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് എത്തിക്കുകയാണ് ചെയ്യുന്നത്. അതുപോലെ സംഭരണ പ്രക്രിയയിൽ യാതൊരു വിധത്തിലുമുള്ള ക്രമക്കേടുകൾക്ക് സാധ്യതയില്ലായെന്ന് കേന്ദ്രഗവൺമെന്റ് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അതേസമയം വിതരണത്തിനെത്തിയ കുത്തരിയിൽ ഗുണനിലവാരമില്ലെന്ന് എറണാകുളത്ത് കണ്ടെത്തിയതിനെത്തുടർന്ന് ഗുണനിലവാരം പരിശോധിക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) <u>ഓരുവെള്ളം കയറിയുള്ള കൃഷിനാശവും മൽസ്യനാശവും തടയുന്നതിന് നടപടി</u>

<u>ശ്രീ. കെ കുഞ്ഞിരാമൻ:</u> കേരളത്തിലെ പുഴകൾക്ക് കുറുകെ അനുയോജ്യമായ സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ നിർമ്മിച്ച് പാഴായിപ്പോകുന്ന മഴവെള്ളം സംഭരിക്കാനും പുഴകളിലേയ്ക്ക് ഓരുജലം കയറുന്നത് തടഞ്ഞ് പുഴകളെ സംരക്ഷിക്കാനും നടപടിയെടുക്കണം. ദേശീയ ശരാശരിയെക്കാൾ രണ്ടര ഇരട്ടിയിലധികം ലഭിക്കുന്ന മഴവെള്ളം സംസ്ഥാനത്തെ ഭൂപ്രകൃതിയുടെ സവിശേഷത കാരണം കടലിലേയ്ക്കൊഴുകിപ്പോകുന്നു. വേനൽകാലത്ത് അഴിമുഖംവഴി പുഴകളിലേയ്ക്ക് വെള്ളം ഇരച്ചു കയറുന്നതുമൂലം തീരദേശങ്ങളിലെ കിണറുകളിലും പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിലും ഉപ്പുരസം കലരുന്നു തന്മൂലം വ്യാപകമായ കൃഷിനാശവും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. പാഴായിപ്പോകുന്ന മഴവെള്ളം സംഭരിച്ച് കൃഷിക്കും കുടിവെള്ളത്തിനും ഉപയുക്തമാക്കണം. കുടിയേറ്റ മേഖലകളിലെ പദ്ധതികൾ തടസ്സപ്പെടാതിരിക്കാൻ

ക്രോസ്ബാറുകൾ അനിവാര്യമാണ്. ഈ രീതിയിൽ പാലായിവളവിലെ ശുദ്ധജലപ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. കണ്ണൂർ-കാസർഗോഡ് ജില്ല കളെ ബന്ധിപ്പിക്കുന്ന ചെറുപുഴ ക്രോസ്ബാർ-കം-ബ്രിഡ്ജ്-ന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സംസ്ഥാനത്തെ നദികളിലും കായലുകളിലും ഓരുവെള്ളം കയറി വ്യാപകമായ തോതിൽ കൃഷി നാശമുണ്ടാകുന്നില്ലെങ്കിലും ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളിപ്പാടങ്ങൾ, തൃശ്ശൂർ കോൾനിലങ്ങൾ, കണ്ണൂർ ജില്ലയിലെ കൈപ്പാട് എന്നീ പ്രദേശങ്ങളിൽ ഓരുവെള്ളം കയറി കൃഷി നശിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കായലുകളിലും നദികളിലും വെള്ളം കയറുന്നതുകൊണ്ട് മൽസ്യസമ്പത്ത് വർദ്ധിക്കാനാണ് സാധ്യത. എന്നാൽ തണ്ണിർമുക്കം ബണ്ട് അടച്ചിടുന്നതുകൊണ്ട് മൽസ്യനാശം സംഭവിക്കുന്നുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുക ളുമായി ചേർന്ന് കൃഷിനാശം, മൽസ്യനാശം എന്നിവയ്ക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഓരുവെള്ളം കയറി കൃഷിനാശം ഉണ്ടാകുന്നത് തടയുന്നതിനായി ഹ്രസ്വകാല പരിഹാരമെന്ന നിലയിൽ താൽക്കാലിക ബണ്ടും ദീർഘകാല പരിഹാരമെന്ന നിലയിൽ റെഗുലേറ്ററുകളും നിർമ്മിക്കാറുണ്ട്. സാമ്പത്തിക പരിമിതിമൂലം എല്ലാ സ്ഥലത്തും റെഗുലേറ്ററുകൾ, ചെക്ക്ഡാമുകൾ, ക്രോസ് ബാറുകൾ എന്നിവയുടെ നിർമ്മാണം അസാധ്യമാണ്. വെള്ളത്തിന്റെ ഒഴുക്കും ഹൈഡ്രോളജിക്കൽ ആസ്പെക്ട്സും ഭൂഘടനയും പരിശോധിച്ചുമാത്രമേ ഇതൊക്കെ നിർമ്മിക്കാൻ കഴിയൂ. പാലായിവളവ് ക്രോസ്ബാർ ഉൾപ്പെടെ കഴിഞ്ഞ പ്രാവശ്യം നിരാകരിക്കപ്പെട്ട പദ്ധതികൾ ഈ വർഷത്തെ മലബാർ

പാക്കേജിലുൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മൂന്നു കോടി രൂപയിലധികം ചെലവ് പ്രതീക്ഷിക്കുന്ന ചെറുപുഴ ക്രോസ്ബാർ-കം-ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം നവംബർ-ഡിസംബർ മാസത്തോടുകൂടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സബ്മിഷൻ**

(1) മാലിന്യ സംസ്ക്കരണ പ്ലാന്റ്

ശ്രീ. കെ. സി. രാജഗോപാലൻ: ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വഴിപാടുകളോടനുബന്ധിച്ചു നടത്തുന്ന വള്ളസദ്യയുമായി ബന്ധപ്പെട്ടുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കാൻ മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ വള്ള സദ്യയെത്തുടർന്നുണ്ടാകുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റിനുള്ള പ്രോജക്ട് തയ്യാറാക്കാൻ പത്തനംതിട്ട ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ 20-06-2009-ൽ ചേർന്ന യോഗത്തിൽ ആറന്മുള പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരുന്നു. മാലിന്യ സംസ്ക്കരണ പ്ലാന്റിന് ദേവസ്വംബോർഡിന്റെ സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ചുള്ള ആറന്മുള പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ദേവസ്വം ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കാൻ ദേവസ്വം ബോർഡിനോട് ആവശ്യപ്പെടുന്നതാണ്.

(2) സ്വന്തം ജില്ലയിൽ ഉപരിപഠനസൗകര്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : വയനാട് ജില്ലയിൽ കൂടുതൽ പ്ലസ് ടൂ സ്കൂളുകളും കോഴ്സുകളും അനുവദിക്കുകയും കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്ത് വിദ്യാർത്ഥികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ ഉപരിപഠനസൗകര്യം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : വയനാട് ജില്ലയിലുൾപ്പെടെ പ്ലസ് ടൂ പഠനസൗകര്യം വർദ്ധിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താത്ത സാഹചര്യം നിലവിലുണ്ട്. ഐ.ടി.ഐ.-യ്ക്ക് തുല്യപഠനസാദ്ധ്യതയുള്ള കെ.ജി.സി.ഇ.-യ്ക്ക് 950 സീറ്റുകളുണ്ടായിട്ട് 350 പേർ മാത്രമാണ് കഴിഞ്ഞവർഷം ജോയിൻ ചെയ്തത്. ഇത്തരം കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കാൻകൂടി തയ്യാറാകണം. സ്ഥലസൗകര്യമുള്ള കോളേജുകളിൽ പത്തുമുതൽ ഇരുപത് ശതമാനംവരെ സീറ്റ് വർദ്ധിപ്പിക്കാനും ഗവൺമെന്റ് തയ്യാറാണ്.

(3) പട്ടയം ലഭ്യമാക്കാൻ നടപടി

ശ്രീ. വി. സുരേന്ദ്രൻപിള്ള : ശംഖുമുഖം വാർഡിൽ സുലൈമാൻ സ്ട്രീറ്റിലും ചിത്തിരനഗറിലുമുള്ള താമസക്കാർക്ക് പട്ടയം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : പട്ടയത്തിനുവേണ്ടി ലഭിച്ച 144 അപേക്ഷകളിൽ ചിത്തിരനഗറിലെ 8-ഉം സുലൈമാൻ സ്ട്രീറ്റിലെ 12-ഉം അപേക്ഷകളൊഴികെ ബാക്കിയുള്ളവ വിമാനത്താവള അതിർത്തി

യിൽനിന്നും 183 മീറ്ററിനുള്ളിൽപ്പെടുന്നവയാണ്. 1995-ലെ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് നിയമത്തിലെ സെക്ഷൻ 6(2) പ്രകാരം വിമാനത്താവള അതിർത്തിയിൽനിന്നും 183 മീറ്ററിനുള്ളിൽ വരുന്ന ഭൂമി പൊതുആവശ്യങ്ങൾക്ക് നീക്കിവയ്ക്കേണ്ടതായതിനാൽ പി.ഡബ്ല്യു. ഡി., ട്രിഡ, എയർപോർട്ട് അതോറിറ്റി തുടങ്ങിയവയുടെ അനുമതി ആവശ്യമാണ്. ലാന്റ് റവന്യൂകമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് എയർപോർട്ട് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പട്ടയം നൽകുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ പരിശോധിച്ച് പട്ടയം നൽകാനുള്ള തീരുമാനമെടുക്കുന്നതാണ്.

### (4) <u>പ്ലസ് ടു കോഴ്സുകൾ</u>

<u>ശ്രീ. അടൂർ പ്രകാശ്</u> : മലയാലപ്പുഴ, മൈലപ്ര പഞ്ചായത്തുകളിലെ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u> : പ്ലസ്വൺ പഠനസൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ പകുതിയോളം വരുന്ന പഞ്ചായത്തുകളിൽ ഈ വർഷം പഠനസൗകര്യമേർപ്പെടുത്തുകയും അടുത്ത ഘട്ടത്തിൽ ബാക്കിവരുന്ന പഞ്ചായത്തുകളുടെ കാര്യം പരിഗണിക്കുന്നതുമാണ്.

(5) <u>ബസ് യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : കണ്ണൂർ നഗരത്തിൽ ടൗണിന് പുറത്ത് ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള ബസ്സ്റ്റാന്റ് വന്നതിനുശേഷം തലശ്ശേരി ഭാഗത്തേയ്ക്കുള്ള യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പഴയ ബസ്സ്റ്റാന്റിൽ ഒരു ബസ്സ്റ്റോപ്പ് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. ജോസ് തെറ്റയിൽ)</u> : ബി.ഒ.ടി. അടിസ്ഥാനത്തിലാണ് താവക്കര മുനിസിപ്പൽ ബസ് സ്റ്റാന്റ് പണിതിട്ടുള്ളത്. ഈ ബസ് സ്റ്റാന്റിലും നിലവിലുണ്ടായിരുന്ന മുനിസിപ്പൽ ബസ്സ്റ്റാന്റിലും പ്രൈവറ്റ് ബസ്സുകൾ പ്രവേശിച്ച് സർവ്വീസ് നടത്താനുള്ള ക്രമീകരണം 01-01-2009-ൽ തുടങ്ങുകയും 16-02-2009-ൽ ചേർന്ന യോഗത്തിൽ ആർ.ടി.എ. അംഗീകരിക്കുകയും ചെയ്തതാണ്. തുടർന്ന് യാത്രാക്ലേശം ഉണ്ടെന്നും അത് പരിഹരിക്കണമെന്നും പറഞ്ഞുകൊണ്ടുള്ള നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 30-06-2010-ൽ ചേർന്ന ആർ.ടി.എ. യോഗം ബന്ധപ്പെട്ട മുഴുവൻ പേരുടേയും ആവശ്യങ്ങൾ കേൾക്കുകയും യോഗത്തിൽവന്ന വിവിധ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ചെയ്തുകൊണ്ട് ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിധേയമായി ഇപ്പോൾ താവക്കര ബി.ഒ.ടി. ബസ് സ്റ്റാന്റിൽനിന്നും തലശ്ശേരി, മട്ടന്നൂർ, കൂത്തുപറമ്പ് എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് പോകുന്ന ബസ്സുകൾ ആശീർവാദ് ആശുപത്രി റോഡ്, പോലീസ് ക്ലബ് ജംഗ്ഷൻ, ടെലിഫോൺ ഭവൻ വഴി പോയി പഴയ മുനിസിപ്പൽ ബസ് സ്റ്റാന്റിൽ പ്രവേശിച്ച് യാത്രക്കാരെ കയറ്റിക്കൊണ്ടുപോകേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-02-2009-ലെ ആർ.ടി.എ. യോഗത്തിലെ

തീരുമാനപ്രകാരം ആർ.ടി.ഒ. യും പോലീസ് സൂപ്രണ്ടും എല്ലാ ബസ്സുകളും താവക്കര ബി.ഒ.ടി. ബസ്സ്റ്റാന്റിൽ പ്രവേശിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(6) രാമു കാര്യാട്ടിന് സ്മാരകം

ശ്രീ. ടി.എൻ. പ്രതാപൻ: ചലച്ചിത്രസംവിധായകനായ രാമുകാര്യാട്ടിന് ജന്മനാടായ ചേറ്റുവായിൽ സ്മാരകം നിർമ്മിക്കുന്നതിന് അര ഏക്കർ ഭൂമി അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): രാമുകാര്യാട്ടിന് സ്മാരകം നിർമ്മിക്കാനായി ഏങ്ങണ്ടിയൂരിൽ ചേറ്റുവാ പുഴയോരത്തിനുസമീപമുള്ള സർക്കാർഭൂമിയിൽ നിന്നും അൻപത് സെന്റ് ഭൂമി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ പേരിൽ അനുവദിക്കുന്നത് സംബന്ധിച്ച് ചാവക്കാട് തഹസീൽദാരിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഒരു ഭാഗം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വഴിയോര വിശ്രമകേന്ദ്രം നടത്തുന്നതിനുവേണ്ടി ഉപയോഗിച്ചുവന്നിരുന്നതാണ്. മേൽപ്പറഞ്ഞ മുഴുവൻ സ്ഥലവും അതിർത്തി നിർണ്ണയം നടത്തി കൈവശം നൽകണമെന്ന് കാണിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചാവക്കാട് തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ ഇതേ സ്ഥലത്തു നിന്ന് സൗജന്യമായി സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് എക്സൈസ് വകുപ്പിൽ നിന്നുള്ള അപേക്ഷയും റവന്യൂ ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സ് പണിയുന്നതിന് സൗജന്യമായി സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും നിലവിലുണ്ട്. രാമുകാര്യാട്ടിന്റെ സ്മാരകം സാംസ്ക്കാരിക

വകുപ്പിന്റെകൂടെ സഹായത്തോടുകൂടി പണിയാനാവശ്യമായ സ്ഥലം അനുവദിക്കുന്നതാണ്.

(7) <u>തേയില ഇല (കൊളുന്ത്)-യുടെ വിലയിടിവ്</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: തേയില ഇല (കൊളുന്ത്) യുടെ വിലയിടിവ് കാരണം മലയോരമേഖലയിലെ ചെറുകിട തോട്ടമുടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>): എല്ലാ കാർഷിക ഉൽപ്പന്നങ്ങളുടേയും താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. തോട്ടം മേഖലയിലുള്ള സാധാരണ കർഷകർ പരമാവധി ചൂഷണം ചെയ്യപ്പെടുന്നതുകൊണ്ട് കേരള ഗവൺമെന്റ് മുൻകൈയെടുത്ത് വിളിച്ചുചേർക്കുന്ന ടീ ബോർഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, അഗ്രി മാർക്കറ്റിംഗ് വിഭാഗം, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ വിലപ്രവചന വിഭാഗം, പ്രൈസസ് ബോർഡ് എന്നിവയുടെ പ്രതിനിധികളുടേയും ജില്ലാകളക്ടർ, ജനപ്രതിനിധികൾ, എന്നിവരുടേയും യോഗത്തിൽ എടുക്കുന്ന തീരുമാനപ്രകാരം ധനകാര്യ വകുപ്പുമായി ആലോചിച്ച് മലയോരമേഖലയിലെ സാധാരണ കർഷകരെ സഹായിക്കാൻ സാധ്യമായ തരത്തിലുള്ള തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(8) <u>കൃഷ്ണഗിരി വില്ലേജിൽപ്പെട്ട ഭൂമി മിച്ചഭൂമിയാണെന്ന നിഗമനം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: കൃഷ്ണഗിരി വില്ലേജിൽപ്പെട്ട ശ്രീ. പി. വിവേകാനന്ദന്റെ ഭൂമി മിച്ചഭൂമിയാണെന്ന ലാന്റ് ബോർഡിന്റെ നിഗമനം സംബന്ധിച്ച് യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുൽത്താൻബത്തേരി താലൂക്കിൽ കൃഷ്ണഗിരി വില്ലേജിൽ ശ്രീ. പി. വിവേകാനന്ദന്റെ ഉടമസ്ഥതയിലുള്ള പഴയ സർവ്വേനമ്പരിൽപ്പെട്ട ഏഴേക്കർ ഭൂമിക്ക് ശ്രീ. കെ.പി. ചന്ദ്രൻ എന്നയാൾക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ ശ്രീ. കെ.പി.ചന്ദ്രന്റെ മകളായ ശ്രീമതി കെ.പി. റീത്തയ്ക്ക് ഇതേ സർവ്വേനമ്പരിൽപ്പെട്ട 12 ഏക്കർ വസ്തുവിന് കൽപ്പറ്റ ഡെപ്യൂട്ടികളക്ടർ ഹെയർ സർട്ടിഫിക്കറ്റ് അനുവദിച്ചതായും ഈ പട്ടയത്തിൽപ്പെട്ട 12 ഏക്കർ സ്ഥലം വൈത്തിരി സബ് രജിസ്ട്രാർ ഓഫീസിലെ ആധാരപ്രകാരം ശ്രീ. പി. വിവേകാനന്ദന് ലഭിച്ചിട്ടുമുണ്ട്. കൃഷ്ണഗിരി വില്ലേജിലെ പഴയ സർവ്വേനമ്പരിൽപ്പെട്ട 15.05 ഏക്കർ ഭൂമിക്ക് കോഫി രജിസ്ട്രേഷൻ അനുവദിച്ചതായി കാണുന്നുണ്ട്. തെക്കെ വയനാട് ലാന്റ്ബോർഡിന്റെ കേസിൽ ശ്രീ. കെ.പി. ചന്ദ്രൻ മുതൽപേർക്ക് മിച്ചഭൂമിയായി സറണ്ടർ ചെയ്യേണ്ട 10.79 ഏക്കർ കഴിച്ച് 162.16 ഏക്കർ ഭൂമിക്ക് കെ.എൽ.ആർ. ആക്ട് പ്രകാരം ഇളവ് അനുവദിച്ച ഉത്തരവ് സുൽത്താൻ ബത്തേരി തഹസീൽദാർ ലഭ്യമാക്കിയിട്ടുണ്ട്. കൃഷ്ണഗിരി വില്ലേജിൽപ്പെട്ട 7.6923 ഹെക്ടർ ഭൂമിക്ക് ശ്രീ. പി. വിവേകാനന്ദന്റെ പേരിൽ ഭൂനികുതി സ്വീകരിച്ചുവരുന്നുണ്ട്. 17.39 ഏക്കർ ഭൂമി മിച്ചഭൂമിയായി ശ്രീ. പി. വിവേകാനന്ദൻ സറണ്ടർ ചെയ്യേണ്ടതുണ്ടെന്ന വൈത്തിരി ടി.എൽ.ബി.യുടെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുടർനടപടിക്ക് സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്.

(9) <u>ചിറയ്ക്കൽ ചിറയുടെ സംരക്ഷണം.</u>

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: നശിച്ചുകൊണ്ടിരിക്കുന്ന കണ്ണൂരിലെ ചിറയ്ക്കൽ ചിറ തലശ്ശേരി പൈതൃകപദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരികവകുപ്പും ടൂറിസംവകുപ്പും സംയുക്തമായി ചേർന്ന് സംരക്ഷിക്കുന്നതിനാവശ്യമായ  നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): ചിറയ്ക്കൽ ചിറ നന്നാക്കി പൈതൃക പദ്ധതിയുടേയും ടൂറിസം പദ്ധതിയുടേയും ഭാഗമാക്കിത്തീർക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>ഭൂമി ഏറ്റെടുക്കുന്ന നടപടി</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: 5 ഏക്കറിൽ താഴെയുള്ള കൃഷിഭൂമി വേണ്ട പരിശോധന നടത്താതെ ഏറ്റെടുക്കുന്ന നടപടിയിൽ സർക്കാർ ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ബിനോയ് വിശ്വം</u>): ഇ.എഫ്.എൽ. നിയമത്തിലെ സെക്ഷൻ 3 പ്രകാരം അനവധി ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ആ സമിതിയിൽ ഉദ്യോഗസ്ഥർ, എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, പരാതിക്കാരനായ കൃഷിക്കാരൻ എന്നിവരടങ്ങുന്ന തർക്ക പരിഹാര സമിതി രണ്ടു ഹെക്ടർ വരെ ഭൂമിയുള്ള കൃഷിക്കാരുടെ പരാതികൾ പരിശോധിച്ച് ന്യായമായ നടപടി സ്വീകരിക്കുന്നതാണ്.

(11) <u>ആദിവാസികൾ നടത്തിവരുന്ന സമരം</u>

<u>ശ്രീ. എ. പി. അനിൽകുമാർ</u>:  ഇടുക്കി ജില്ലയിലെ ചിന്നക്കനാലിലെ മുന്നൂറ്റിയൊന്ന് കോളനിയിലെ നൂറിലധികം ആദിവാസി കുടുംബങ്ങൾ

ഏറെനാളുകളായി സമരത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവർക്ക് ഭൂമി അനുവദിച്ച് പട്ടയം നൽകിയെങ്കിലും കൈവശാവകാശ രേഖകൾ നൽകാത്തതുകൊണ്ട് അവർക്ക് വീടുവയ്ക്കുന്നതിനോ, വൈദ്യുതി, റേഷൻ കാർഡ് എന്നിവ ലഭ്യമാക്കാനോ സാധിക്കുന്നില്ല. അവർക്ക് എത്രയും പെട്ടെന്ന് കൈവശാവകാശ രേഖകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇടുക്കി നിയോജക മണ്ഡലത്തിലെ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ മുന്നൂറ്റിയൊന്ന് കോളനി, സൂര്യനെല്ലി എന്നിവിടങ്ങളിലെ ആദിവാസികൾ കാട്ടാനകളിൽനിന്ന് സംരക്ഷണം ലഭിക്കുന്നതിന് താമസസ്ഥലത്തിന് ചുറ്റും ട്രെഞ്ച് നിർമ്മിക്കുക, മരങ്ങൾ മുറിച്ചുമാറ്റാൻ അനുവാദം നൽകുക, കോളനിയിൽതന്നെ കുടിവെള്ളത്തിനായി കിണർ നിർമ്മിക്കുക, പട്ടികവർഗ്ഗവകുപ്പിൽ നിന്നും തദ്ദേശഭരണവകുപ്പിൽ നിന്നും സഹായം ലഭ്യമാക്കുക, മറ്റു വിഭാഗങ്ങൾ കോളനികൾ കയ്യേറുന്നത് തടയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സമരം നടത്തുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടി പട്ടികവർഗ്ഗവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സമരം ഒത്തുതീർപ്പാക്കുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി കുടുംബങ്ങളുടെ ഭൂമി, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏറ്റവുംവേഗത്തിൽ പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

(12) <u>കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ നടത്തുന്ന സമരം</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഭാഷാ അദ്ധ്യാപകരിൽ അക്കാഡമിക് യോഗ്യതയുള്ളവർക്ക് എച്ച്.എം.-ന്റെ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുക, 2006 മുതൽ സർവ്വീസിൽ പ്രവേശിച്ച 4000-ത്തോളം എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുക, പുതിയ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാക്കുക, പാഠ പുസ്തക വിതരണത്തിലെ അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവ ശ്യങ്ങൾ ഉന്നയിച്ച് കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ നടത്തിവരുന്ന സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി</u>): കേരള വിദ്യാഭ്യാസചട്ടങ്ങൾ അനുശാസിക്കുന്ന യോഗ്യതയും സീനിയോറിറ്റിയും ഉണ്ടെങ്കിൽ ഭാഷാ അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് എച്ച്.എം. തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് ഇപ്പോൾ തടസ്സമൊന്നുമില്ല. സർക്കാർ എയ്ഡഡ് സ്കൂളിലെ അധിക ഡിവിഷൻ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഏർപ്പെടു ത്തിയിരുന്ന നിയന്ത്രണം നീക്കം ചെയ്തിട്ടുണ്ട്. 14-07-1997-നുശേഷം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനിയിലില്ല. പാഠപുസ്തക വിതരണം ഈ മാസത്തോ ടുകൂടി പൂർത്തിയാക്കാൻ സാധിക്കും. ഐ.എം.ഇ. തസ്തികകൾ അടിയന്തി രമായി നികത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്.

(13) ഇടക്കൊച്ചി സുസ്ഥിര നഗരവികസന പദ്ധതി

ശ്രീ. സി.എം. ദിനേശ് മണി : ഇടക്കൊച്ചി സുസ്ഥിര നഗരവികസന പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വ്യക്തമാക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഇടക്കൊച്ചി സുസ്ഥിര നഗരവികസന പദ്ധതി, കൊച്ചി പത്മസരോവരം കോംപ്ലക്സ് എന്നിവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിരുന്ന ഇൻകെൽ 2-2-2010-ന് വ്യവസായവകുപ്പിന് സമർപ്പിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(14) എറണാകുളം മാർക്കറ്റിൽ ഉണ്ടായ അഗ്നിബാധ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : എറണാകുളം മാർക്കറ്റിൽ ഇന്നലെ (14-07-2010) രാത്രിയുണ്ടായ അഗ്നിബാധയെത്തുടർന്ന് കടകൾ കത്തിനശിച്ച കച്ചവടക്കാർക്ക് അടിയന്തിരസഹായം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): എറണാകുളം മാർക്കറ്റിൽ ഇന്നലെ (14-07-2010) രാത്രിയുണ്ടായ അഗ്നിബാധയെത്തുടർന്ന് രണ്ട് കടകൾ പൂർണ്ണമായും അഗ്നിക്കിരയായി. ഷോർട്ട്സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. 25 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി ജില്ലാകളക്ടർ റിപ്പോർട്ട് തന്നിട്ടുണ്ട്. വിശദമായ അന്വേഷണം നടത്താനും അടിയന്തിരസഹായം ലഭ്യമാക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടുതൽ സഹായം നൽകുന്നത് സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

(15) <u>മത്സ്യത്തൊഴിലാളികൾ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ</u>

<u>ശ്രീ. പി. തിലോത്തമൻ</u> :മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായവർക്ക് അധിവർഷ ആനുകൂല്യം നൽകണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികൾ സെക്രട്ടേറിയറ്റിന് മുമ്പിൽ പ്രക്ഷോഭ സമരം നടത്തുകയാണ്. ഇവർക്ക് ക്ഷേമനിധിയിലൂടെ റിട്ടയർമെന്റ് ആനുകൂല്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) : മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും ധനകാര്യവകുപ്പുമായി ചർച്ചചെയ്ത് അംശദായത്തെ അടിസ്ഥാനമാക്കി റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(16) <u>ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : ആരോഗ്യമേഖലയിൽ സന്നദ്ധ സേവനം നടത്തുന്ന 35000-ലേറെ വരുന്ന ആശാവർക്കർമാർക്ക് ഓണറേറിയമോ മറ്റേതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങളോ നൽകാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) : നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഭാഗമായി സന്നദ്ധ സേവനത്തിനാണ് അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്സ് എന്ന പേരിൽ അംഗീകൃത സാമൂഹ്യ ആരോഗ്യപ്രവർത്തകരെ നിയോഗിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതിയെന്നുള്ള നിലയിൽ കേന്ദ്രഗവൺമെന്റാണ് ഇവരുടെ ആനുകൂല്യം നൽകുന്നത്. അവരുടെ അദ്ധ്വാനവുമായി താരതമ്യം ചെയ്യുമ്പോൾ ഇവർക്ക് കിട്ടിക്കൊണ്ടി

രിക്കുന്ന ആനുകൂല്യം അപര്യാപ്തമാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

## മേശപ്പുറത്ത് വച്ച കടലാസ്സുകൾ

വഖഫ് എൻക്വയറി കമ്മീഷന്റെ സംക്ഷിപ്ത റിപ്പോർട്ടും അതിന്മേലുള്ള നടപടി സംബന്ധിച്ച റിപ്പോർട്ടും കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) 2010-ലെ കണ്ണൻ ദേവൻ ഹിൽസ് (നിശ്ചിത ഭൂമി വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ) ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട്കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിച്ചു.

(2) 2010-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഭേദഗതി ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട്കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിച്ചു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി യുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് സമർപ്പിച്ചു.

(4) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ എൺപത്തിയേഴ് മുതൽ തൊണ്ണൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ധനകാര്യം

### 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (623,91,24,000)

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ (45,63,000)

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റുപിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാ ഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ പി.കെ. അബ്ദുറബ്ബ്, ടി.എൻ. പ്രതാപൻ, സി.പി. മുഹമ്മദ്, അടൂർ പ്രകാശ്, കെ. ബാബു, എ.പി. അനിൽകുമാർ, വി.ഡി. സതീശൻ, തോമസ് ഉണ്ണിയാടൻ, തോമസ് ചാണ്ടി, എൻ. ശക്തൻ, എം. മുരളി, എം.എ. വാഹീദ്, ആര്യാടൻ മുഹമ്മദ്, കെ.പി. മോഹനൻ, എ.പി. അബ്ദുള്ളക്കുട്ടി,

പ്രൊഫ. എൻ. ജയരാജ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. എ. പി. അനിൽകുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തെക്കുറിച്ച് യാഥാർത്ഥ്യത്തിന് വിരുദ്ധമായിട്ടുള്ള പരസ്യങ്ങളാണ് ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിരപ്പിള്ളി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനെ എതിർക്കുന്ന പരിസ്ഥിതിവാദികളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താനും അവരിൽനിന്നുള്ള എതിർപ്പ് അവസാനിപ്പിക്കാനും കഴിയണം. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പവർകട്ടുണ്ടെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുമ്പോഴും അവർ വൈദ്യുതി ഉപയോഗപ്പെടുത്തുന്നത് പ്രധാനമായും വ്യവസായ സംരംഭങ്ങൾക്കുവേണ്ടിയാണെന്നുള്ളത് വിസ്മരിക്കരുത്. സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം 3000-ത്തിലധികം മെഗാവാട്ടും ഉൽപ്പാദനം 2700 മെഗാവാട്ടുമാണ്. ഏതൊരു സംസ്ഥാനത്തിന്റെയും വികസനം എനർജി ഉപഭോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം ഗാർഹികമേഖലയിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന എന്തിനെയും സംസ്ഥാനം എതിർക്കുന്ന കേന്ദ്രവിരുദ്ധ സമീപനം അവസാനിപ്പിക്കണം. 266 മെഗാവാട്ട് വൈദ്യൂതി കേരളത്തിനു ലഭിക്കാൻ പോകുന്നതും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചതുമായ കൂടംകുളം ആണവോർജ്ജ വൈദ്യൂത പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ആണവ ഇന്ധനം ഉപയോഗിച്ചുൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. കഴിഞ്ഞ സർക്കാർ ആറളം ഫാമിൽ

42 കോടിരൂപ മുടക്കി 3000 ഏക്കർ ഭൂമി വാങ്ങിയതിൽ ഇനിയും ആയിരക്ക ണക്കിന് ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ ഇതുവരെ ഈ സർക്കാരിന് സാധിച്ചിട്ടില്ല. വനാവകാശ നിയമപ്രകാരം ലഭിച്ച 30000-ത്തോളം അപേക്ഷകളിൽ ഭൂമി വിതരണം ചെയ്തത് 8000 പേർക്ക് മാത്രമാണ്. വനംവകുപ്പും പട്ടികജാതിവകുപ്പും തമ്മിലുള്ള തർക്കംമൂലം കേന്ദ്രസർക്കാർ പാസ്സാക്കിയ വനാവകാശ നിയമത്തിന്റെ പ്രയോജനം ആദിവാസികൾക്ക് ലഭിക്കുന്നില്ല. ഉയർന്ന മാർക്ക് വാങ്ങിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽകോളേജുകളിൽ അഡ്മിഷൻ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഊർജ്ജ ഉൽപ്പാദനരംഗത്ത് കേരളത്തിന് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. അയൽസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾവൈദ്യുതി പ്രതിസന്ധി ഘട്ടത്തിലും ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കാൻ കഴിഞ്ഞു. കേന്ദ്രസർക്കാർ വൈദ്യുതിബോർഡിനെ സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ചപ്പോൾ കെ.എസ്.ഇ.ബി.യുടെ വസ്തുവകകൾ ഏറ്റെടുക്കുകയും അതിനെ പൊതുമേഖലാ സ്ഥാപനമായി നിലനിർത്താൻ ധീരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതിലൂടെ കേരളം രാജ്യത്തിന് മാതൃകയാവുകയാണ് ചെയ്തിട്ടുള്ളത്. നിരവധി പദ്ധതികൾ പൂർത്തിയാക്കാനും കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി കമ്മീഷൻ ചെയ്യാനും ഈ ഗവണ്മെന്റിന് കഴിഞ്ഞു. രാമക്കൽമേടിലെ കാറ്റാടി നിലയങ്ങൾ കമ്മീഷൻ ചെയ്തതിലൂടെ 169 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. 122.3 മെഗാവാട്ട് വൈദ്യുതിയുൽപ്പാദിപ്പിക്കുന്ന ആറ് പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ

നടത്തുന്നതിനും മറ്റ് ആറ് പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കാനും കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണവൈദ്യുതീകരണ ജില്ലയാക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 40 നിയമസഭാമണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടു. 2008-2009-ൽ ഊർജ്ജസംരക്ഷണത്തിനായി സി.എഫ്.എൽ വിതരണം ചെയ്തതും അപേക്ഷ കൊടുത്താലുടൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതും പ്രസരണസംവിധാനത്തിൽ മാറ്റം വരുത്തിയതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഷോക്കേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള ആനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കണം. പുന്നയൂർ കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് അനുവദിക്കണം. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർ അപേക്ഷിച്ചാലുടനെ ചികിൽസാ സഹായം ലഭിക്കാനുള്ള സംവിധാനമുണ്ടാക്കി. ആദിവാസിവിഭാഗങ്ങളുടെ ചികിൽസയ്ക്കുവേണ്ടി വകയിരുത്തിയ പത്തുകോടി രൂപയിൽ ഏഴുകോടി രൂപ ചെലവഴിച്ചു. മതസൗഹാർദ്ദം തകർക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ തകർക്കുന്നതിനും ആരാധനാലയങ്ങളിൽ കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന രാജ്യദ്രോഹശക്തികളെ അമർച്ചചെയ്യാനും മതസൗഹാർദ്ദം നിലനിർത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ വൈദ്യുതി പ്രതിസന്ധി പരക്കെ ചർച്ചചെയ്യപ്പെടുന്ന വിഷയമായി മാറിയിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വൈദ്യുതപദ്ധതികളൊന്നുംതന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യകതയ്ക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്ന

തിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോ പുതിയതായി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇടുക്കി ജലവൈദ്യുത നവീകരണപദ്ധതി കോൾഡ് സ്റ്റോറേജിലാണ്. മൂലമറ്റം പവർഹൗസിന്റെ നവീകരണ പദ്ധതികൾ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. അതിരപ്പിള്ളി വൈദ്യുത പദ്ധതിയുടെ കാര്യത്തിൽ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. കെ.എസ്.ഇ.ബി.യുടെ അനാസ്ഥമൂലം രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിലും ത്വരിത വൈദ്യുതീകരണ പദ്ധതിയിലുമായി 380 കോടി രൂപ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയും സാങ്കേതിക പഠനവും നടത്താതെ ഇടുക്കി മാടക്കത്തറ 220 കെ.വി. ലൈനിന്റെ 58 കിലോമീറ്റർ ദൂരംവരുന്ന തന്ത്രപ്രധാന ഭാഗം പവർ കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് കൈമാറിയതിലൂടെ മൂന്ന് ജില്ലകളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നത് അപലപനീയമാണ്. വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ വിവിധ മേഖലകളിൽ വൈദ്യുതി വിതരണത്തിന് ലൈസൻസ് നൽകുന്നതോടുകൂടി ഈ രംഗത്ത് കെ.എസ്.ഇ.ബി.യുടെ കുത്തക അവസാനിക്കുകയും വരുമാനത്തിൽ വൻകുറവ് വരികയും ചെയ്യും. വൈദ്യുതി കുടിശ്ശിക ഇനത്തിൽ 1000 കോടിയോളം രൂപ പിരിച്ചെടുക്കുന്നതിൽ കെ.എസ്.ഇ.ബി. പരാജയപ്പെട്ടിരിക്കുകയാണ്. അണ്ടർഗ്രൗണ്ട് ലൈനുകൾ സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും  വൈദ്യുതിമോഷണം തടയുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര

ഗവൺമെന്റിന്റെ ബി.എൽ.വൈ. പദ്ധതി അനുസരിച്ച് ഒന്നരക്കോടി സി.എഫ്.എൽ. വിതരണം ചെയ്തതുവഴി 250 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു. പോസ്റ്റുകൾ ഉൾപ്പെടെയുള്ള സാമഗ്രികൾ യഥാസമയം ലഭ്യമാക്കി സമ്പൂർണ്ണ വൈദ്യുതീകരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിൽ വൈദ്യുതി വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. ചെങ്ങറ ഭൂസമരവുമായി ബന്ധപ്പെട്ട് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ഉദ്യോഗനിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്‌ലോഗ് നികത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. രാജൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തനരഹിതമായിക്കിടന്ന പൊതുമേഖലാസ്ഥാപനങ്ങളും വ്യവസായശാലകളും തുറന്നുപ്രവർത്തിപ്പിക്കാൻ തുടങ്ങിയതിന്റെ ഫലമായി വൈദ്യുതി ഉപഭോഗത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്. വൈദ്യുതി ഉപഭോഗത്തിനനുസരിച്ച് ഉൽപ്പാദനത്തിലും വർദ്ധനവുണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രപൂളിൽനിന്ന്

വൈദ്യുതി വെട്ടിക്കുറച്ചതുൾപ്പെടെ നിരവധി പ്രതിബന്ധങ്ങൾ ഉണ്ടായിട്ടും ഉൽപ്പാദന-പ്രസരണ-വിതരണ രംഗത്തെ ശക്തമായ ഇടപെടലുകൾ കാരണം ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കുന്നതിന് കഴിഞ്ഞു. കഴിഞ്ഞ നാലുവർഷംകൊണ്ട് 196 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമായ കാര്യമാണ്. 495.65 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള വൈദ്യുത പദ്ധതികൾക്ക് മുൻഗണന കൊടുക്കണം. ചീമേനിയിൽ കൽക്കരിയിലും ഗ്യാസിലും പ്രവർത്തിക്കുന്ന 2526 മെഗാവാട്ടിന്റെ സൂപ്പർ തെർമൽ സ്റ്റേഷൻ പ്രവർത്തനഘട്ടത്തിലാണ്. കായംകുളം താപവൈദ്യുത നിലയത്തിൽ 1050 മെഗാവാട്ട് ശേഷികൂടി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ബ്രഹ്മപുരം ഡീസൽ നിലയത്തിൽ 1026 മെഗാവാട്ട് ഗ്യാസ് ബെയ്സ്ഡ് പവർസ്റ്റേഷൻ നിർമ്മിക്കാൻ വൈദ്യുതിബോർഡ് തീരുമാനമെടുത്തത് സ്വാഗതാർഹമായ കാര്യമാണ്. 75 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് സി.എഫ്.എൽ. വീതം വിതരണം ചെയ്തതുവഴി 230 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശക്തമായ മാനേജ്മെന്റ് സംവിധാനത്തിലൂടെ വൈദ്യുതിയുടെ പ്രസരണനഷ്ടം കുറയ്ക്കാൻ കഴിഞ്ഞു. ഇതിനാവശ്യമായ 206 സബ്സ്റ്റേഷനുകളുടെ പണി പുരോഗമിക്കുകയാണ്. വൈദ്യുതി വിതരണരംഗം സുതാര്യമാക്കാനും മോഷണം തടയാനും അഴിമതി കുറയ്ക്കാനും റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റേയും എനർജി മാനേജ്മെന്റ് സെന്ററിന്റേയും പ്രവർത്തനം ശ്ലാഘനീയമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം

കൊണ്ട് വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാസത്തിന് അവസരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭവനനിർമ്മാണത്തിനുവേണ്ടിയുള്ള തുക വർദ്ധിപ്പിച്ചു. കേന്ദ്രസഹായം ഉൾപ്പെടെയുള്ള പദ്ധതിവിഹിതം 95 ശതമാനത്തോളം ചെലവഴിച്ചു. ആദിവാസിമേഖലകളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് മുൻതൂക്കം കൊടുത്തു.

ശ്രീ. കെ. കെ. ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ആദിവാസികൾക്കെല്ലാം ഭൂമി വിതരണം ചെയ്യാനും വീട് നിർമ്മിച്ചു കൊടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അർഹരായ ആദിവാസികൾക്ക് വീട് വച്ചുനൽകാൻ നടപടി സ്വീകരിക്കണം. റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിലൂടെ പട്ടികജാതി/പട്ടികവർഗ്ഗകോളനികളിലെ വികസനം സ്തംഭിച്ചിരിക്കുകയാണ്. വൈദ്യുതി രംഗത്ത് A.P.D.R.P, R.G.G.V.Y. പോലുള്ള പല കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ പേരുമാറ്റി സംസ്ഥാന സർക്കാരിന്റെ പദ്ധതികളെന്ന രൂപത്തിൽ നടപ്പാക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 33 ശതമാനമുണ്ടായിരുന്ന പ്രസരണ നഷ്ടം 29 ശതമാനമായി കുറയ്ക്കുകയും വൈദ്യുതി ചാർജ് യൂണിറ്റിന് 20 പൈസ വച്ച് കുറയ്ക്കുകയും ചെയ്തു. വൈദ്യുതി ബോർഡ് ലാഭത്തിലാണെന്ന് കൊട്ടിഘോഷിക്കുമ്പോഴും വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജും തെർമൽ സർച്ചാർജ്ജും പിൻവലിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. ഈ രംഗത്ത് പുതിയ ഒരു പദ്ധതി പോലും ആരംഭിക്കാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച കുറ്റ്യാടി

എക്സ്റ്റെൻഷൻ ഉൾപ്പെടെ പൂർണ്ണതയിലെത്തിയ പല പദ്ധതികളുടെയും നേട്ടം ഈ സർക്കാർ അവകാശപ്പെടുകയാണ്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതമേഖലയിൽ സ്വകാര്യ കുത്തകകമ്പനികളുടെ കടന്നുകയറ്റം തടയാൻ ഈ സർക്കാരിന് സാധിച്ചു. സി. എഫ്. എൽ. വിതരണത്തിനായി കേന്ദ്രസർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി.-ക്ക് അടച്ചുതീർക്കേണ്ട കുടിശ്ശിക വേവ് ചെയ്യുകയും മിനിമം ഡിമാന്റ് നൽകുകയും ചെയ്തതിലൂടെ പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങളും തേയിലത്തോട്ടങ്ങളും തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു. പുതിയതായി 120 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരുടേമേൽ ബാദ്ധ്യത വരുത്താതെയാണ് വികസനപ്രവർത്തനങ്ങൾ നടത്തുന്നത്. പട്ടിക ജാതി/പട്ടികവർഗ്ഗ മേഖലയിൽ വൈദ്യുതിവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ധീരമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഇത്തരം യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുന്നതിനുപകരം പ്രതിപക്ഷം സർക്കാരിനെ വിമർശി ക്കുന്നത് ശരിയല്ല.

ശ്രീ. ബി. ഡി. ദേവസ്സി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് പ്രഖ്യാപിത-അപ്രഖ്യാപിത പവർകട്ടും ലോഡ് ഷെഡ്ഡിംഗും കാരണം കേരളം ഇരുട്ടിലായിരുന്നു. ജലസംഭരണികളിൽ വെള്ളം കുറയുകയും കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടും വൈദ്യുതി പ്രതിസന്ധി ഉണ്ടായിട്ടില്ല. ആദിവാസികൾക്ക് ഭൂമിയും വീടും ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരവും ലഭ്യമാക്കി. യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കുറ്റ്യാടി പദ്ധതി കമ്മീഷൻ ചെയ്തു. യു.ഡി.എഫ്. ഭരണകാലത്ത് പുതിയ പദ്ധതികൾ ആരംഭിക്കാനോ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനോ കഴിഞ്ഞിട്ടില്ല. കെ.എസ്.ഇ.ബി.-യുടേയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റേയും കീഴിൽ ചാലക്കുടി നിയോജകമണ്ഡ ലത്തിൽമാത്രം കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തി. വെള്ളക്കുളങ്ങരയിലും കൊരട്ടിയിലും രണ്ട് സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുകയും ആനക്കയം, പെരിങ്ങൽക്കുത്ത്, ഷോളയാർ എന്നി വിടങ്ങളിലെ ആദിവാസിമേഖലകളിൽ വൈദ്യുതി നൽകുകയും ചെയ്തു. ആറ് ആദിവാസി ഊരുകളിൽക്കൂടി വൈദ്യുതി എത്തിക്കാനാവശ്യമായ നാല് കോടി രൂപ കണ്ടെത്തുന്നതിനും ഈ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീ കരണം നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. അവിടത്തെ മൂന്ന് പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള വിതരണത്തിന് 75 ലക്ഷം രൂപ അനുവദിക്കുകയും അതിൽ ഒരു പദ്ധതി കമ്മീഷൻ ചെയ്യുകയും ചെയ്തു. ഒന്നരക്കോടി രൂപ ചെലവിൽ 100 കുട്ടികൾക്ക് താമസിക്കാനുള്ള ട്രൈബൽ-പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിച്ചു. വൈദ്യുതി ഉപഭോഗം വർദ്ധി ച്ചിട്ടും ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാതെ മുന്നോട്ടുപോകാൻ കഴിഞ്ഞത് ശരിയായ മാനേജ്മെന്റിന്റെ ഫലമായിട്ടാണ്. വൈദ്യുതി ഉൽപാദനരംഗത്ത് പുതിയ പദ്ധതികൾ ആരംഭിക്കാനും നിലവിലുള്ള പദ്ധതികൾ പൂർത്തീക രിക്കാനും അതിലൂടെ വൈദ്യുതി പ്രതിസന്ധി ഏറെക്കുറെ പരിഹരിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരി ക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. 'വൈദ്യുതി സംരക്ഷണ

ത്തിന് കേന്ദ്ര സർക്കാർ ആദ്യമായി ഏർപ്പെടുത്തിയ ദേശീയ അവാർഡ് കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്. സി.എഫ്.എൽ. വിതരണത്തിലൂടെ വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള പ്രസരണനഷ്ടം കുറയ്ക്കാനും പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാനും കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനെട്ടര ലക്ഷത്തോളം പുതിയ കണക്ഷനുകൾ നൽകുകയും ഈ വർഷാവസാനത്തോടെ പവർ ഓൺ ഡിമാന്റ് എന്ന ലക്ഷ്യം കൈവരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പുതിയതായി 62 സെക്ഷനുകളും 6 ഡിവിഷനുകളും 4 സബ്ഡിവിഷനുകളും ആരംഭിച്ചു. ഈ വർഷം 155 സെക്ഷനുകളെക്കൂടി മോഡൽ സെക്ഷനായി പ്രഖ്യാപിച്ചു. മുഴുവൻ സെക്ഷനുകളും കമ്പ്യൂട്ടർവൽക്കരിച്ചു. വൈദ്യുതി വിതരണരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കുകയും കുടിശ്ശികനിവാരണത്തിന് റവന്യൂ അദാലത്ത് നടത്തുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും ബി.പി.എൽ. വിഭാഗങ്ങളുടേയും മിനിമം ഗ്യാരന്റി കുടിശ്ശികയും ആദിവാസികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയും എഴുതിത്തള്ളി. കുടിവെള്ള പദ്ധതികളുടെ താരിഫ് യൂണിറ്റിന് 1.15 രൂപയായി കുറച്ചു. വ്യവസായ യൂണിറ്റുകൾ അടഞ്ഞുകിടന്ന കാലത്തെ മിനിമം ഡിമാന്റ് എഴുതിത്തള്ളി. ഹൈഡൽ ടൂറിസം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു. അനെർട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം പാർപ്പിടം, ഭൂമി തുടങ്ങിയ കാര്യങ്ങളിലും ഒട്ടേറെ നടപടികൾ സ്വീകരിക്കുകയുണ്ടായി. തെറ്റിദ്ധാരണകൾ ഇല്ലാതാക്കിയും കേന്ദ്ര

ഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കിയും അതിരപ്പിള്ളി പദ്ധതി പ്രാവർത്തിക മാക്കണം.

ശ്രീ.പി.ടി.എ.റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി ക്കാരേയും പട്ടികവർഗ്ഗക്കാരേയും ആദിവാസികളേയും സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ ക്ഷേമപദ്ധതികളിലായി 40.84 കോടി രൂപയുടെ ആനുകൂല്യം നൽകി. ട്രൈബൽ ഹോസ്റ്റലുകൾക്ക് സഹായം നൽകുകയും ആദിവാസി കുട്ടികൾക്കുള്ള സ്റ്റൈപന്റ് വർദ്ധിപ്പിക്കു കയും ചെയ്തു. കൊടുവള്ളി നിയോജകമണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കാനും ഉൽഘാടനം നടത്താനും രണ്ട് സെക്ഷൻ ആഫീസുകൾ തുറക്കാനും ഈ സർക്കാരിന്റെ കാലത്ത് സാധിച്ചുവെന്ന് മാത്രമല്ല 2001 മുതൽ കുടിശ്ശികയായിരുന്ന വൈദ്യുതി കണക്ഷൻ കൊടുത്തുതീർക്കാനും കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ചാർജ്ജിന ത്തിൽ വാട്ടർ അതോറിറ്റി നൽകാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർത്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യകമ്പനികളിൽ നിന്നാണ് കെ.എസ്.ഇ.ബി. മീറ്റർ വാങ്ങിയിരുന്നതെങ്കിൽ ഇപ്പോൾ അത് സർക്കാർ ഉടമ സ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത്. കെ.എസ്.ഇ.ബി.യുടെ പ്രസരണ നഷ്ടം 15 ശതമാനത്തിലേയ്ക്ക് കുറച്ചുകൊ ണ്ടുവരാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണ്. വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷാഫാറം ലഘൂകരിച്ചത് ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതാണ്. പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീക രണ ജില്ലയായി പ്രഖ്യാപിച്ചു. കഴിഞ്ഞ നാലുവർഷവും പവർകട്ടും

ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ബജത് ലാമ്പ് യോജനയ്ക്കു വേണ്ടി കേന്ദ്രസർക്കാർ യാതൊരു ധനസഹായവും സംസ്ഥാനത്തിന് നൽകുന്നില്ല. ഈ പദ്ധതിക്കായി 55 കോടി രൂപ കെ.എസ്.ഇ.ബി.യും 45 കോടി രൂപ സംസ്ഥാന സർക്കാരുമാണ് ചെലവഴിക്കുന്നത്.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ കാലത്ത് കേവലം 127 മെഗാവാട്ട് വൈദ്യുതിയാണ് പുതിയതായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ ഈ കാലയളവിൽ വളരെ ഉയർന്നതോതിലാണ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുള്ളതെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണ്ണാടകയിലും പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽപ്പോലും അവിടെ വൻതോതിലുള്ള വ്യവസായ വികസനങ്ങൾ നടക്കുന്നുണ്ട്. ഇവിടെ വികസന പ്രവർത്തനങ്ങളെല്ലാം പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങുകയാണ്. പന്നിയാർ പവർഹൗസ് തകർന്ന് പദ്ധതി നിശ്ചലമായപ്പോൾ മൂന്നുമാസം കൊണ്ട് പൂർത്തിയാകുമെന്ന് പറഞ്ഞ സർക്കാരിന്റെ വാഗ്ദാനം ഇതുവരെ നിറവേറ്റാൻ സാധിച്ചിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് 148 കോടി രൂപയുടെ ലാഭത്തിലായിരുന്ന വൈദ്യുതിബോർഡ് ഇപ്പോൾ വൻപ്രതിസന്ധിയിലാണ് മുന്നോട്ടുപോകുന്നത്. വേണ്ടത്ര വൈദ്യുതി ലഭ്യമാക്കാത്തതിനാൽ സംസ്ഥാനത്തെ വ്യാവസായിക മേഖല നിശ്ചലമായിരിക്കുകയാണ്. വൈദ്യുതിക്ക് തെർമൽ സെസ്, സർച്ചാർജ്ജ് എന്നിവ ഏർപ്പെടുത്തി ഇടത്തരക്കാരുടെ മേൽ അധികസാമ്പത്തികഭാരം അടിച്ചേൽപ്പിക്കുകയും സി.എഫ്.എൽ ബൾബ് വിതരണത്തിലൂടെ 98 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഉണ്ടാക്കിയിരിക്കുകയുമാണ്. കേന്ദ്രവിരുദ്ധ

നിലപാട് സ്വീകരിച്ചതിലൂടെ കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് സർക്കാർ നഷ്ടപ്പെടുത്തിയത്. കണ്ണൂർ ജില്ലയിലെ വൈദ്യുതി എത്താത്ത ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടംകുളം ആണവ വൈദ്യുതി പദ്ധതിയുടെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. ഷോളയാർ പഞ്ചായത്തിലെ ആദിവാസികളുടെ സ്ഥലം കയ്യേറിയാണ് കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിന്റ്മിൽ സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സോളാർ സംവിധാനം ശക്തമാക്കണം. കേരളത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സോളാർ ലൈറ്റുകളാക്കി മാറ്റണം. കണ്ണൂരിലെ ആറളത്ത് ഭൂമി വിതരണം ചെയ്ത ആദിവാസികൾക്ക് വീട്, കോളനിയിലേയ്ക്കാവശ്യമായ റോഡ് മുതലായ സൗകര്യങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ശ്രീ. ജോർജ് എം. തോമസ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗുണമേന്മയുള്ള വൈദ്യുതി സാദ്ധ്യമായ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. വൈദ്യുതിബോർഡുകളെ സ്വകാര്യവൽക്കരിക്കാനും വൈദ്യുതി ഉല്പാദന-വിതരണ-പ്രസരണ രംഗത്തേയ്ക്ക് സ്വകാര്യ മൂലധനത്തെ ആകർഷിക്കാനും വിദേശ കുത്തകകൾക്ക് കടന്നുവരാനും കഴിയുന്ന വിധത്തിൽ ആണവവൈദ്യുതിയെ കൂടുതൽ ആശ്രയിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ വൈദ്യുതി മേഖലയെ ഇന്ത്യയ്ക്കാകെ മാതൃകയാക്കി മാറ്റാൻ ഈ സർക്കാരിന് സാധിച്ചു. ഉല്പാദന മേഖലയിൽ സാദ്ധ്യമായ എല്ലാ സ്രോതസ്സുക

ളെയും ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രസരണനഷ്ടം കുറച്ച് ലഭ്യമായ വൈദ്യുതി പരമാവധി ഉപയോഗപ്പെടുത്തുക എന്ന ശാസ്ത്രീയ സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കാർബൺ ക്രെഡിറ്റ് സംവിധാനത്തെ ഉപയോഗപ്പെടുത്തി 235 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയുന്ന വിധത്തിൽ സി.എഫ്.എൽ ബൾബുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന നടപടി സ്വാഗതാർഹമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി വൈദ്യുതി പോസ്റ്റിന്റെ ലഭ്യത ഉറപ്പുവരുത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. ആദിവാസി സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക പ്രവേശനപരീക്ഷ നടത്തി എം.ബി.ബി.എസ്. സീറ്റ് ലഭ്യത ഉറപ്പുവരുത്തി. കഴിഞ്ഞ എസ്.എസ്.എൽ. സി. പരീക്ഷയിൽ 17 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ നൂറുശതമാനം വിജയം കൈവരിച്ചത് നാടിനുതന്നെ അഭിമാനമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊല്ലപ്പെട്ട ജോഗി എന്ന ആദിവാസിയുടെ അനന്തരാവകാശിക്ക് ജോലി നൽകുകയും 13000-ലേറെ വരുന്ന ആദിവാസികൾക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്യുകയും ചെയ്തു. എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ 25000 രൂപ വരെയുള്ള കാർഷികവായ്പ എഴുതിത്തള്ളാനും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവർക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 160000 വീടുകൾ നിർമ്മിച്ചുനൽകിയതും പ്രശംസനീയ

മാണ്.എസ്.സി./എസ്.ടി. പ്ലാൻ ഫണ്ടിന്റെ 94.75 ശതമാനം തുക ചെലവഴിക്കുകയും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കാരശ്ശേരി പഞ്ചായത്തിലെ ആദിവാസിമേഖലയിലുള്ള മലമുത്തൻ വിഭാഗത്തിന് ആദിവാസി സർട്ടിഫിക്കറ്റ് നൽകാനും തിരുവമ്പാടിയിൽ ഏഴ് മിനി ഹൈഡൽ പ്രോജക്ടുകളുടെ പണി ആരംഭിക്കുന്നതിനും വട്ടച്ചിറ ആദിവാസി കോളനിയിൽ സിൽവർ റോക്ക് മുറിച്ചുമാറ്റാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗാർഹിക ഉപഭോക്താക്കളുടെമേൽ അധിക വൈദ്യുതിക്കരം അടിച്ചേൽപ്പിക്കാനുള്ള ഈ ഗവണ്മെന്റിന്റെ ശ്രമം വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഇടപെടൽമൂലം ഇല്ലാതായി. പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും സമ്പന്നൻമാരായ സ്വകാര്യവ്യക്തികളിൽനിന്നും വൈദ്യുതിച്ചാർജ്ജ് ഇനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കണം. സ്വകാര്യവ്യക്തികൾ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിച്ചാൽ അതിനെതിരെ സർക്കാരിന് സത്യവാങ്മൂലം കൊടുക്കാൻപോലും വക്കീലൻമാർ ഇല്ലാത്ത അവസ്ഥ വേദനാജനകമാണ്. പാവപ്പെട്ട ആളുകൾ കുടിശ്ശിക വരുത്തിയാൽ വൈദ്യുതി കണക്ഷൻ വിഛേദിക്കാൻ തയ്യാറാകുന്ന ഉദ്യോഗസ്ഥർ സ്വകാര്യവ്യക്തികളുടെ കാര്യത്തിൽ കാണിക്കുന്ന അലംഭാവത്തെക്കുറിച്ച് പരിശോധിക്കണം. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന സ്ഥാപനം എനർജി സേവിംഗ് ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ ബജത് ലാമ്പ് യോജന സ്കീം അപാകതയോടുകൂടിയാണ് സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ നിബന്ധനകൾ പാലിക്കാതെ സി.എഫ്.എൽ. വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കണം. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന അനെർട്ട് മുൻ വർഷങ്ങളിൽ വളരെയധികം നല്ല പരിപാടികൾ ആവിഷ്ക്കരിച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഊർജ്ജ സുരക്ഷ മിഷൻ എന്ന ദുരൂഹ പദ്ധതി ആവിഷ്ക്കരിക്കുകയും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് 34,92,52,271 രൂപ പിരിച്ചെടുക്കുകയും ചെയ്തുവെങ്കിലും ഒരു നയാപൈസപോലും പഞ്ചായത്തുകൾക്ക് ഗുണപരമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പഞ്ചായത്തുകളുമായി ചേർന്ന് റിന്യൂവൽ എനർജി കമ്പനി രൂപീകരിക്കാൻ നീക്കം നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചുകൂട്ടിയെങ്കിലും സമവായത്തിലെത്തിയിട്ടില്ല. നിക്ഷേപിച്ച തുക മുഴുവൻ തട്ടിയെടുക്കാനുള്ള ഒരു ശ്രമമാണ് നടത്തിവരുന്നത്. ഡാം കെട്ടി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുവേണ്ടി വിവിധ ജില്ലകളിൽ സർവ്വേ നടത്തുന്നതിന് പിൻവാതിൽ നിയമനം നടത്തുകയും ട്രെയിനിംഗിനുവേണ്ടി കോടികൾ പാഴാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സി.എഫ്. ലാമ്പുകൾ വാങ്ങിയതിലും വിതരണം ചെയ്തതിലും വൻ അഴിമതിയുണ്ട്. ലക്ഷത്തിൽപ്പരം ലാമ്പുകൾ ഗ്യാരണ്ടി പീരീഡ് കഴിഞ്ഞ് വിതരണം ചെയ്യാതെ കെട്ടിക്കിടക്കുകയാണ്. അനർട്ടിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിലും നിയമിക്കുന്നതിലും വ്യാപകമായ തിരിമറി നടത്തിയിട്ടുണ്ട്. ശരിയായ കെട്ടിടംപോലുമില്ലാതെ പാലക്കാട് ജില്ലയിൽ എസ്.എസി./എസ്.ടി.-ക്കുവേണ്ടി

പോളിടെക്നിക്ക് തുടങ്ങുമെന്ന വ്യാജവിവരം നൽകിയിരിക്കുന്നത് അപലപനീയമാണ്.

ശ്രീ. എം. ഹംസ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനെർട്ട് ആരംഭിക്കുന്ന പുതിയ മൈക്രോ പദ്ധതികൾ കേരളത്തിന് ഉൽപാദനരംഗങ്ങളിലേയ്ക്ക് കടക്കാൻ ഉപകരിക്കുന്നതാണ്. 870-ഓളം മൈക്രോ പദ്ധതികൾക്കുവേണ്ടി അനെർട്ട് പ്രവർത്തിച്ചതിന്റെ ഭാഗമായി 20 മെഗാവാട്ട് വൈദ്യുതശേഷിയുള്ള പദ്ധതി കേരളത്തിന് ലഭ്യമാകാൻ പോകുന്നു. നാലുകൊല്ലംകൊണ്ട് 4204 വീടുകളിൽ വൈദ്യുതി എത്തിക്കാൻ സാധിച്ചത് അനെർട്ടിന്റെ പ്രവർത്തനംകൊണ്ടാണ്. പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. എൽ.ഡി.എഫ് ഗവൺമെന്റ് പതിനെട്ടരലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിച്ചു. വൈദ്യുതിവകുപ്പിൽ യു.ഡി.എഫ് ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന നിയമനനിരോധന ഉത്തരവ് പിൻവലിക്കുകയും നാലുവർഷത്തിനിടയിൽ 7600 പേർക്ക് വൈദ്യുതിബോർഡിൽ ജോലി നൽകുകയും 15900 പ്രൊമോഷനുകൾ നൽകുകയും ചെയ്തു. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒരു പരിഷ്ക്കരണം കൂടി വൈദ്യുതിവകുപ്പിൽ നടപ്പാക്കണം. എം.എൽ.എ മാരുടെ സാന്നിദ്ധ്യത്തിൽ വോൾട്ടേജ് അദാലത്തുകൾ സംഘടിപ്പിക്കുകയും 1 കോടി 24 ലക്ഷം രൂപയുടെ ഇംപ്രൂവ്മെന്റ് സ്കീം മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കുകയും ചെയ്യും. ഒന്നരക്കോടി സി.എഫ്.എൽ വിതരണം നടത്തിയതിലൂടെ 1750 കോടി രൂപ ഖജനാവിലേയ്ക്ക് കിട്ടുന്ന സാഹചര്യമുണ്ടായി. ഫെബ്രുവരി 16-ാം

തീയതിക്കുശേഷം വീടുവച്ചവർക്ക് വളരെപെട്ടന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഉത്തരവുണ്ടാകണം. ഇക്കൊല്ലം എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിൽ വൈദ്യുതി കണക്ഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ.കെ. അജിത് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാതെയും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്താതെയുമാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടേയും ദുർബലവിഭാഗക്കാരുടേയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50 ശതമാനമാണ് വർദ്ധിപ്പിച്ചത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും മെസ് അലവൻസ് വർദ്ധിപ്പിച്ചു. ഹോസ്റ്റലുകളുടെ നവീകരണത്തിനായി 14.64 കോടി രൂപ ചെലവഴിക്കുകയുണ്ടായി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയും ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുകയും എ.ടി.എം വഴി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുകയും അത് അർഹരായവരുടെ കൈകളിലെത്തിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമി വാങ്ങിക്കുന്നതിനും വീടുവച്ചുനൽകുന്നതിനുമുള്ള തുക വർദ്ധിപ്പിച്ചു. ഈ വിഭാഗത്തിന്റെ വായ്പാകുടിശ്ശിക പൂർണ്ണമായി എഴുതിത്തള്ളുന്നതിനും വിദ്യാഭ്യാസ ലോൺ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാ

ക്കുന്നതിനും വനിതാ പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് അടിയന്തിരഘട്ടങ്ങളിൽ വാഹനം ലഭ്യമാക്കുന്നതിനും വരുമാനപരിധി നോക്കാതെ പ്രീമിയം തുക പൂർണ്ണമായും ഗവൺമെന്റ് അടച്ചുകൊണ്ട് എല്ലാ ആളുകളേയും സംസ്ഥാന ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തൊട്ടാകെ സി.എഫ്.എൽ. വിതരണം ചെയ്യുന്നതോടൊപ്പം എം.എൽ.എ ഹോസ്റ്റലിലും സമ്പൂർണ്ണമായി സി.എഫ്.എൽ. ഉപയോഗപ്പെടുത്തുന്നതിനും സ്കൂൾ കുട്ടികൾക്ക് ഓരോ സി.എഫ്.എൽ. വീതം സബ്സിഡി റേറ്റിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. സ്കൂളുകളിൽ വനവൽക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ മാതൃകാപരമാണ്.

<u>ശ്രീ. ബി. രാഘവൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ നാലുവർഷം 96.35 ശതമാനം തുക പദ്ധതിനിർവ്വഹണത്തിനായി ചെലവഴിക്കുകയും തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് ആയി 85 ശതമാനം തുക വിനിയോഗിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസികളുടേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റേയും ഭൂമി കൈവശപ്പെടുത്തുന്നത് തിരികെയെടുത്തു കൊടുക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് തുകയിൽ 50 ശതമാനം വർദ്ധനവ് വരുത്തുകയും വിദ്യാലയങ്ങൾ തുറക്കുന്ന സമയത്തുതന്നെ അത് വിതരണം ചെയ്യുന്നതിനും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ അധ്യാപകരെ

നിയമിക്കുന്നതിനും ഹോസ്റ്റൽ നവീകരണത്തിനും നടപടി സ്വീകരിച്ചു. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാനും പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്ക് കടാശ്വാസ പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പി ലാക്കാനും ചെങ്ങറ ഭൂസമരം രമ്യമായി പരിഹിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കാനും ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തും പൊതുവിദ്യാഭ്യാസരംഗത്തും എസ്.സി/എസ്.ടി. വിഭാഗങ്ങളിൽ മെച്ചപ്പെട്ട റിസൽട്ട് ഉണ്ടാക്കാൻ സാധിച്ചു.

<u>ശ്രീ. എം. മുരളി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് 85 ശതമാനം നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിച്ച വൈദ്യുതപദ്ധതികളാണ് ഈ സർക്കാർ കമ്മീഷൻ ചെയ്തിട്ടുള്ളത്. പുതിയ വൈദ്യുതപദ്ധതികൾക്ക് തുടക്കംകുറിക്കാനോ പൂർത്തീകരിക്കാനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 2010 ഡിസംബർ മാസം കമ്മീഷൻ ചെയ്യാൻ പോകുന്നു എന്നുപറയുന്ന രണ്ടു പദ്ധതികളിലൂടെ 8 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം. ഇടുക്കി പദ്ധതിയിലെ ജനറേറ്ററുകൾ, ടർബൈനുകൾ എന്നിവയുടെ മെയി ന്റനൻസ് നടത്തണം. കേന്ദ്ര സഹായപദ്ധതികൾ നടപ്പാക്കാതെ അനുവദി ക്കപ്പെട്ട തുക നഷ്ടപ്പെടുത്തി. വൻകിട മുതലാളിമാർക്ക് ഹൈടെൻഷൻ ബില്ലിംഗ് ആനുകൂല്യം നൽകിയതുവഴി മൂന്നുമാസം കൊണ്ട് 12 കോടി രൂപ നഷ്ടമുണ്ടായതിനെ സംബന്ധിച്ച് വിശദീകരിക്കണം. മൊബൈൽ സ്ക്വാഡ്

സംവിധാനം നിറുത്തലാക്കിയത് തികച്ചും തെറ്റായ നടപടിയാണ്. സി.എഫ്.എൽ. വിതരണം നടത്തി ഉപഭോക്താക്കളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയതുവഴി അവർക്കു ലഭിക്കേണ്ട യു.എൻ.സബ്സിഡി ഇല്ലാതാക്കിയത് അപലപനീയമാണ്. നിരവധി സബ്സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം സ്തംഭനത്തിലാണ്. കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുകയും അവരുടെ ആനുകൂല്യങ്ങൾ കുറച്ചുകൊണ്ടുള്ള റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം റദ്ദാക്കുകയും സമയബന്ധിതമായി പെൻഷൻ വിതരണം നടത്തുകയും ചെയ്യണം. കെ.എസ്.ഇ.ബോർഡ് കമ്പനിവൽക്കരണത്തിനുള്ള നീക്കം ഉപേക്ഷിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ചു. പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റ്-ഇൻ-എയിഡ് 85 ശതമാനമായി ഉയർത്തി. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് നൂറ് ശതമാനവും ചെലവഴിച്ചു. ധനകാര്യ വകുപ്പിൽ നിലനിന്നിരുന്ന നോഷണൽ ഫ്ളോ സമ്പ്രദായം ഇല്ലാതാക്കി ഫണ്ട് പൂർണ്ണമായി വകുപ്പിന് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാഭ്യാസമേഖലയിലെ ലംപ്സംഗ്രാന്റ് അമ്പതുശതമാനവും മെസ്സ് അലവൻസ് നൂറുശതമാനവും വർദ്ധിപ്പിച്ചു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ധാരാളം ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുകയും ഏതാനും കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ഹോസ്റ്റലുകളുടെ നവീകരണം നടത്തി. ഒമ്പത് എം.ആർ.എസ്സുകളിൽ പുതുതായി പ്ലസ് ടൂ കോഴ്സ് അനുവ

ദിച്ചു. 17 എം.ആർ.എസ്സുകളിൽ നൂറുശതമാനം വിജയം കൈവരിക്കാൻ സാധിച്ചു. ഒഴിഞ്ഞു കിടന്നിരുന്ന 370 തസ്തികകൾ നികത്താൻ നടപടി സ്വീകരിച്ചു. സ്പെഷ്യൽ എൻട്രൻസ് പെർമിഷൻവഴി പ്രത്യേക പരിശീലനം കൊടുത്തതിലൂടെ വർഷംതോറും 37 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-ബി.ഡി.എസ്. കോഴ്സുകൾ പഠിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗക്കാരുടെ ഭൂവിതരണ വുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രഡീഷണൽ ഡ്വെല്ലേഴ്സ് ആക്ടിന്റെകൂടി അടിസ്ഥാന ത്തിൽ 12100 ആദിവാസികൾക്ക് സ്ഥലം കൊടുത്തു. സർവ്വേ നടന്ന 16140 കുടുംബങ്ങൾക്ക് 24220 ഏക്കർ ഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. സുപ്രീംകോടതിയിലുള്ള കേസ്കൂടി ക്ലിയർ ചെയ്തു കഴിഞ്ഞാൽ കേന്ദ്ര ആക്ടിന്റേയും നെറ്റ് പ്രോഫിറ്റ് വാല്യുവിന്റെയും ഭാഗ മായി 14000-ത്തോളം ആദിവാസികൾക്കുകൂടി ഭൂമി കൊടുക്കാൻ പറ്റും. അതോടുകൂടി ഭൂമിയില്ലാത്ത ആദിവാസികളുടെ പ്രശ്നം ശാശ്വതമായി പരിഹ രിക്കും. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 1131 എസ്.സി. കോളനിക ളിൽ 9.58 കോടി രൂപ ചെലവഴിച്ച് വൈദ്യുതി കൊടുത്തു, 231 എസ്. ടി. കോളനികൾ 13.18 കോടി രൂപ ചെലഴിച്ച് വൈദ്യുതീകരിച്ചു, 4400 കുടുംബ ങ്ങൾക്ക് സൗരോർജ്ജ വിളക്കുകൾ കൊടുത്തു, 19.87 കോടി രൂപ ചെലവഴിച്ച് 1196 എസ്. സി. കോളനികളിൽ കുടിവെള്ളം ലഭ്യമാക്കി. എ.ആർ. ഡബ്ല്യൂ. എസ്. എസ്., ജപ്പാൻ കുടിവെള്ള പദ്ധതി, എസ്.സി./എസ്.ടി.

കോർപ്പസ് ഫണ്ട്, ദേശീയ ഫണ്ട് ഇതെല്ലാം ചേർത്തുകൊണ്ട് വാട്ടർ അതോറിറ്റി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ പോവുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാസഹായം ലഭ്യമാക്കി. ആദിവാസികൾക്കായി ഒരു സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം കൊടുത്തു. മിശ്രവിവാഹിതരുടെ മക്കൾക്ക് അച്ഛനോ, അമ്മയോ ഒരാൾ പട്ടികജാതിക്കാരായാൽ അവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ തീരുമാനിച്ചു. മിശ്രവിവാഹിതർക്കുള്ള ധനസഹായം 50,000 രൂപയായി വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗക്കാരുടെ നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യാൻ മഞ്ചേരിയിലും കൽപ്പറ്റയിലും സ്പെഷ്യൽ സെഷൻസ് കോടതി തുടങ്ങി. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി. ബി.സി.ഡി.സി.-ക്ക് 427 രൂപ കൊടുത്തു, എസ്.സി./എസ്.ടി. കോർപ്പറേഷൻ വഴി 11127 പേർക്ക് 60 കോടി രൂപ കൊടുത്തു, പരിവർത്തിത ക്രൈസ്തവ വികസനകോർപ്പറേഷനുണ്ടായിരുന്ന 30 വർഷത്തെ കുടിശ്ശിക കൊടുത്തുതീർത്തു. മിടുക്കരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വർണ്ണപ്പതക്കം, ക്യാഷ് അവാർഡ് തുടങ്ങിയവ ഏർപ്പെടുത്തി. പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി അയ്യങ്കാളി ഭവന് രൂപം കൊടുത്തു. പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് 90 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട താഴേയ്ക്കിടയിലുള്ള വിഭാഗങ്ങളുടെ സമഗ്രവികസനത്തിന് 8.5 കോടി രൂപയുടെ പദ്ധതി തയ്യാറാക്കാൻ പോകുകയാണ്. സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ എന്നി

വിടങ്ങളിൽനിന്ന് പട്ടികജാതിവർഗ്ഗക്കാർ എടുത്ത 25,000 രൂപ വരെയുള്ള വായ്പയിൽ 14,000 രൂപവരെയുള്ളത് എഴുതിത്തള്ളി. ബാക്കി തുക ഈ വർഷംതന്നെ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതനുസരിച്ച് 150 കോടി രൂപയാണ് എഴുതിത്തള്ളാൻ തീരുമാനിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എ.ടി.എം. സിസ്റ്റത്തിലൂടെ വിതരണം ചെയ്യുന്ന രീതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. വനാവകാശ നിയമമനുസരിച്ച് 12100 ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദേശത്തുപോയി പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നതിന് അഞ്ച് ലക്ഷം രൂപ ഗ്രാന്റായും പത്ത് ലക്ഷം രൂപ ആറ് ശതമാനം പലിശ നിരക്കിൽ എസ്.സി./എസ്.ടി. വികസനകോർപ്പറേഷൻ വഴിയും നൽകുന്ന ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കും. പട്ടികവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 25000 രൂപയായി വർദ്ധിപ്പിക്കും. എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ ഓണറേറിയം 3000 രൂപയാക്കും. എസ്.ടി. വിഭാഗത്തിലെ വനിതാ ജീവനക്കാർക്കായി 3 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് നന്ദാവനത്ത് ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ ആരംഭിക്കും. പ്രവർത്തനക്ഷമമല്ലാത്ത എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾ പുനരുദ്ധരിപ്പിക്കുകയും അതിനാവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യും. വിദേശത്ത് ജോലിക്ക് പോകുന്ന 500 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം ജോലി സംബന്ധമായ ചെലവുകൾക്ക് ഗ്രാന്റായി കൊടുക്കും. പാലക്കാടും

പയ്യന്നൂരും സിമെറ്റിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് 10 കോടി രൂപ നീക്കിവയ്ക്കും. പൂൾഡ് ഫണ്ട് ഇനത്തിൽ ഈ വർഷം ലഭ്യമായ തുകയിൽ നിന്ന് 5 കോടി രൂപ ചെലവഴിച്ച് 2500 പട്ടികജാതി കുടുംബങ്ങൾക്ക് ഇറച്ചി ആവശ്യത്തിനുള്ള കന്നുകാലികളെ വളർത്താൻ 20,000 രൂപ വീതം സഹായം നൽകും. 12500 കുടുംബങ്ങൾക്ക് നെൽകൃഷി, പച്ചക്കറിക്കൃഷി, വാഴകൃഷി എന്നിവയ്ക്കായി 5 കോടി രൂപ ധനസഹായം അനുവദിക്കും. പച്ചക്കറിക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അടുക്കളത്തോട്ടം പദ്ധതി നടപ്പിലാക്കും. പത്ത് സെന്റ് ഭൂമിയെങ്കിലുമുള്ള പട്ടികജാതി വിഭാഗങ്ങൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് 500 രൂപ ഗ്രാന്റ് നൽകും. മുന്നോക്ക-പിന്നോക്ക സമുദായങ്ങളിലെ പ്രൊഫഷണൽ കോളേജുകളിലും പോസ്റ്റ് ഗ്രാഡ്വേഷനും പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്കുള്ള ലംപ്സംഗ്രാന്റ് 500 രൂപയായും പ്രതിമാസ സ്റ്റൈപന്റ് 250 രൂപയായും വർദ്ധിപ്പിക്കും. പ്ലസ് വൺ, പ്ലസ് ടൂ കോഴ്സിന് പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ വീതം സ്കേളർഷിപ്പ് ഈ വർഷം മുതൽ കൊടുക്കും. മണ്ണന്തലയിലെ നിർദ്ദിഷ്ട അംബേദ്കർ ഭവൻ സമയബന്ധിതമായി പണികഴിപ്പിക്കുകയും ഇവിടെയുള്ള പത്ത് ഏക്കർ സ്ഥലം അംബേദ്കർ മെമ്മോറിയൽ സ്റ്റുഡന്റ് ക്യാമ്പസായി വികസിപ്പിക്കുകയും ചെയ്യും. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് വിവിധ വികസനപ്രവർത്തനങ്ങൾക്കായി ഈ വർഷം 31 കോടി രൂപ വിതരണം ചെയ്യും. ചികിത്സാസഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കമ്പ്യൂട്ടറൈസ് ചെയ്ത് ഇ-മെഡ് പദ്ധതി നടപ്പിലാക്കും.

കാസർഗോഡ് ജില്ലയിലെ പ്രാക്തന ഗോത്രവർഗ്ഗമായ കുറഗ വിഭാഗത്തിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് സ്പെഷ്യൽ സ്ക്കൂൾ ആരംഭിക്കും. മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി, മഹേന്ദ്ര മേധര, പണ്ടാരൻ, പണ്ടാരം തുടങ്ങിയിട്ടുള്ള വിഭാഗങ്ങൾക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ് കൊടുക്കാൻ തീരുമാനിച്ചു. കുടുംബി, പെരുവണ്ണാൻ, കാസർകോട്ടെ മറാത്തി വിഭാഗം എന്നിവരെ എസ്.സി.യിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.യെ പൊതുമേഖലാ കമ്പനിയാക്കി നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്.യു.ഡി.എഫ്.ന്റെ കാലത്ത് തുടങ്ങിവച്ച മൂന്ന് പദ്ധതികൾ ഈ ഗവൺമെന്റ് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. ഇപ്പോൾ 495.65 മെഗാവാട്ടിന്റെ 28 പദ്ധതികളുടെ പണി പുരോഗമിക്കുകയാണ്. 4000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മെഗാപദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. സി.എഫ്.എൽ. പദ്ധതിക്ക് രൂപം കൊടുത്തതിലൂടെ 50 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു. ബജത് ലാമ്പ് യോജന പദ്ധതിക്ക് കേന്ദ്രസഹായമൊന്നും ലഭിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ ഈ സ്കീം ഉപയോഗപ്പെടുത്തിയാൽ മാത്രമേ കാർബൺ ക്രെഡിറ്റ് ലഭിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത് നടപ്പിലാക്കിയിട്ടില്ല. മൂന്ന് പ്രാവശ്യം കേന്ദ്രസർക്കാർ ക്ളിയറൻസ് ലഭിച്ച അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്. 75 സെക്ഷനുകൾ മോഡൽ സെക്ഷനുകളായി മാറി. ഈ വർഷത്തോടുകൂടി എല്ലാ സെക്ഷനുകളും മോഡൽ സെക്ഷനുകളാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ പോവുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണം 40 മണ്ഡലങ്ങളിലാ

യിട്ടുണ്ട്. കാർഷിക വൈദ്യുതികണക്ഷൻ വിച്ഛേദിച്ചിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ ഭാഗത്തുനിന്ന് പരമാവധി ഇടപെടൽ നടത്തുന്നതാണ്. 20 മെഗാവാട്ട് വൈദ്യുതി ലക്ഷ്യമിട്ടിരിക്കുന്ന ബയോമാസ് ഗ്യാസിഫയർ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. സൗരോർജ്ജം ഉപയോഗപ്പെടുത്തി 4024 വീടുകളിൽ വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതി കേന്ദ്രഎനർജി മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പിലാക്കും. 50 സബ്സ്റ്റേഷനുകളും പൂഴിത്തോട്, റാന്നി, പെരുനാട് ചെറുകിട ജലവൈദ്യുതപദ്ധതികളും ഈ വർഷം കമ്മീഷൻ ചെയ്യും. സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് 19.71 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കും. ഈ വർഷം പുതുതായി 25 സെക്ഷനുകൾകൂടി അനുവദിക്കും. 30-06-2010 വരെ അപേക്ഷിച്ച പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകൾ ഈ വർഷാവസാനം നൽകും. സിംഗിൾ ഫേസ് ഗാർഹിക വൈദ്യുതകണക്ഷൻ ആവശ്യപ്പെടുന്ന മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ കണക്ഷൻ നൽകും. ആയിരം വാട്ടിൽ കുറഞ്ഞ കണക്റ്റഡ് ലോഡുള്ള മറ്റ് അപേക്ഷകർക്കും ഒ.വൈ.ഇ.സി. ഇല്ലാതെ കൊടുക്കും. പഞ്ചായത്തുകളുടെ റെസല്യൂഷൻ ഉണ്ടെങ്കിൽ വീട് നമ്പർ ഇല്ലാത്ത അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. എസ്.എസ്.എൽ.സി -ക്ക് പഠിക്കുന്ന കുട്ടികളുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകും. പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി 15 കോടി രൂപ കൊടുക്കും. മുനിസിപ്പാലിറ്റികളുടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കും. 4000 കിലോമീറ്റർ 11 കെ.വി ലൈൻ വലി

ക്കുകയും 6000 ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് പ്രശ്നം ഇല്ലാതാക്കുകയും ചെയ്യും. ബാണാസുരസാഗർ, മൂന്നാർമേഖലയിലെ ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കും. അനർട്ടിന്റെയും എസ്.സി/എസ്.ടി വകുപ്പിന്റെയും ഐ.എച്ച്.ആർ.ഡി-യുടെയും നേതൃത്വത്തിൽ പാലക്കാട് മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക് സ്ഥാപിക്കുകയും എൻവയോൺമെന്റൽ കോഴ്സ് തുടങ്ങുകയും ചെയ്യുന്നതാണ്. ബയോമാസ് ഗ്യാസ് പദ്ധതിയിലൂടെ 20 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കും. റവന്യു ഭൂമിയിൽ കാറ്റാടിപ്പാടം വികസിപ്പിക്കുന്നതിന് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കും. മാനേജ്മെന്റ് സെന്ററിന്റെ കീഴിൽ പുതിയ എനർജി എഫിഷ്യൻസി കമ്പനി രൂപീകരിക്കും. ഗ്രീൻ ബഡ്ജറ്റിന്റെ ഭാഗമായി ഊർജ്ജം സംരക്ഷിക്കുന്ന കുട്ടികൾക്ക് കൊടുക്കുന്ന 50 കോടി രൂപയുടെ ഊർജ്ജ ക്രെഡിറ്റ് ഉപയോഗിച്ച് അവർക്കാവശ്യമായ ഭക്ഷണസാധനങ്ങളും പുസ്തകങ്ങളും വാങ്ങാൻ സാധിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 300 കോടി രൂപയുടെ വൈദ്യുത പദ്ധതി നടപ്പിലാക്കി. അനർട്ടിന്റെ പ്രവർത്തനത്തിൽ അഴിമതി നടക്കുന്നതായി തെളിഞ്ഞാൽ ശക്തമായ നടപടി എടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 29-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.00 മണിക്ക് പിരിഞ്ഞു.